"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ - 2024-25-ലെ തുടർ പ്രവർത്തനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1635/2024/LSGD തീയതി,തിരുവനന്തപുരം, 06-09-2024

---

പരാമർശം:- 1. ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26.07.2024 -ന് രാവിലെ 11.30ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

2. സ.ഉ.(സാധാ) നം 1601/2024/LSGD തിയതി, 30/08/2024

**<u>ഉത്തരവ്</u>**

മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായുള്ള 2023-24 വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനത്തിനും 2024-25 പ്രവർത്തനങ്ങളുടെ ആലോചനയ്ക്കുമായി ബഹു :മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26.07.2024-ന് ഒരു യോഗം നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ വിജയകരമായ സംഘാടനത്തിനായി വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ യുവജന സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കമ്മറ്റികൾ രൂപീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

അതോടൊപ്പം അവതരണങ്ങളും ചർച്ചകളും ക്രോഡീകരിച്ച് കൊണ്ട് സംസാരിച്ച ബഹു.മുഖ്യമന്ത്രി മാലിന്യ മുക്തം നവകേരളം സമ്പൂർണ്ണ അർത്ഥത്തിൽ കൈവരിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനും ബൃഹത്തായ ജനകീയ ക്യാമ്പയിൻ അനിവാര്യമാണ് എന്നു അറിയിച്ചു.

മേൽ പരാമർശിച്ച ചർച്ചകളുടെ അടിസ്ഥാനത്തിൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായുള്ള 2024-25 വർഷത്തെ ചുവടെ ചേർത്തിട്ടുള്ള തുടർ പ്രവർത്തനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. 'മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ' 2024 ഒക്ടോബർ 2 (ഗാന്ധി ജയന്തി ദിനം) മുതൽ 2025 മാർച്ച് 30 (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) വരെ സംഘടിപ്പിക്കും. ഒക്ടോബർ 2ന് സംസ്ഥാന, ജില്ല, പ്രാദേശിക തലങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച മാതൃകകൾ ഉൽഘാടനം ചെയ്തുകൊണ്ട് ക്യാമ്പയിന് തുടക്കമിടും. വിവിധ പ്രവർത്തനങ്ങളിലൂടെ ആർജിച്ച നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ 2025 മാർച്ച് 30ന് സമ്പൂർണ ശുചിത്വ കേരള പ്രഖ്യാപനം നടത്താനാണ്

ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. ഇതിനു മുന്നോടിയായി സമ്പൂർണ ഹരിത അയൽക്കൂട്ടം, സമ്പൂർണ ഹരിത ടൂറിസം കേന്ദ്രം, സമ്പൂർണ ശുചിത്വ ഗ്രാമം/നഗരം, സമ്പൂർണ ഹരിത ഓഫീസ്, സമ്പൂർണ ഹരിത വിദ്യാലയം/കലാലയം തുടങ്ങി വിവിധ മേഖലകളിലെ പ്രഖ്യാപനങ്ങൾ നടത്തും.

2.മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് മുന്നോടിയായി ജൈവ, അജൈവ, ദ്രവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിലെ ഗ്യാപ്പുകൾ കണ്ടെത്തേണ്ടതുണ്ട്. ടൗണുകൾ, കച്ചവട സ്ഥാപനങ്ങൾ, വൻതോതിൽ മാലിന്യം രൂപപ്പെടുന്ന സ്ഥലങ്ങൾ (ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്), ടൂറിസം കേന്ദ്രങ്ങൾ, ഓഫീസുകൾ, സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും മാലിന്യ സംസ്കരണത്തിനൊരുക്കിയിട്ടുള്ള സംവിധാനങ്ങളിലെ ഗ്യാപ്പുകളും കണ്ടെത്തണം.

3. ഗ്യാപ്പുകൾ കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും താൽപ്പര്യവും ശേഷിയുമുള്ള വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തി ഈ പ്രവർത്തനം കൂടുതൽ ജനകീയമാക്കണം. ഇതിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം ഉറപ്പാക്കണം.

4. ഗ്യാപ്പുകൾ കണ്ടെത്തി വിശകലനം ചെയ്ത് പരിഹരിക്കാനാവശ്യമായ കർമപദ്ധതി 2024 സെപ്റ്റംബർ 30നകം പൂർത്തീകരിക്കണം.

5. ടൗണുകൾ, ടൂറിസം കേന്ദ്രങ്ങൾ എന്നിവ മാലിന്യമുക്തമാക്കി ഭംഗിയുള്ളതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇതിനായി ശുചിത്വ മിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ്, ക്ലീൻ കേരള കമ്പനി, മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത്, വനം, ജലസേചനം, ടൂറിസം., പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസ വകുപ്പുകൾ മുതലായ ഏജൻസികളെയും വകുപ്പുകളെയും ഹരിത കേരളം മിഷൻ ഏകോപിപ്പിക്കും.

6. മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിനിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സർവീസ് സംഘടനകൾ, യുവജന സംഘടനകൾ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, പ്രാദേശിക കൂട്ടായ്മകൾ, റസിഡൻസ് അസോസിയേഷനുകൾ, വ്യാപാരി വ്യവസായി സംഘടനകൾ, ടൂർ ഓപ്പറേറ്റർമാർ, ഹോംസ്റ്റേ നടത്തിപ്പുകാർ, ഓട്ടോ - ടാക്സി ഡ്രൈവർമാരുടെ യൂണിയനുകൾ, സാമൂഹിക സന്നദ്ധ സംഘടനകൾ, സാമുദായിക-മത സഘടനകൾ, രാഷ്ട്രീയ പാർട്ടികൾ മുതലായവരുടെ പങ്കാളിത്തം ഉറപ്പാക്കണം.

7. വിവിധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സംസ്ഥാനതലം മുതൽ പ്രാദേശികതലം വരെ ബന്ധപ്പെട്ടവരുടെ യോഗങ്ങൾ നടത്തി ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ 2024 സെപ്റ്റംബർ 30നകം പൂർത്തിയാക്കണം.

8. ക്യാമ്പയിനിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, പ്രചാരണം, പരിശീലനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, സംഘാടനം എന്നിവ വിശദമാക്കുന്ന മാർഗരേഖ

പ്രസിദ്ധീകരിക്കണം.

9. മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, കൃത്യമായി തരംതിരിക്കൽ, ജൈവ മാലിന്യങ്ങളും ദ്രവമാലിന്യങ്ങളും ഉറവിടത്തിൽ സംസ്കരിക്കൽ, അജൈവ പാഴ്വസ്തുക്കൾ ഹരിതകർമസേനകൾ വഴി കൈമാറൽ മുതലായ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തണം.

10. സമ്പൂർണ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയ ടൗണുകൾ, റസിഡൻഷ്യൽ ഏര്യകൾ, പാർക്കുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കണ്ടെത്തുന്ന ഗ്യാപുകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ഘട്ടംഘട്ടമായി നടപ്പിലാക്കണം. ഇതിനുള്ള പ്രവർത്തന രൂപരേഖ ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിത കേരള മിഷൻ എന്നിവർ ചേർന്ന് തയ്യാറാക്കണം.

11. ജനകീയ വിജിലൻസ് സ്ക്വാഡുകൾ, പോലീസ് വകുപ്പിന്റെ സഹായത്തോടെയുള്ള എൻഫോഴ്സ്മെന്റ് നടപടികൾ, ശുചിത്വം-ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളുടെ പരിശോധനകൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കും.

12. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് മറ്റ് പ്രവർത്തനങ്ങൾക്ക് തടസ്സമില്ലാത്തവിധം പ്രവർത്തിക്കാവുന്ന ഹരിത പോലീസ് സെൽ രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിക്കണം.

13. നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ സംസ്ഥാനത്തേക്ക് കടത്തുന്നില്ലെന്ന് ഉറപ്പാക്കാൻ അതിർത്തികളിലും ചെക്പോസ്റ്റുകളിലും പരിശോധന കർശനമാക്കും. ഇത്തരം പരിശോധനകൾ സംബന്ധിച്ച് മാർഗരേഖ വികസിപ്പിക്കും. തദനുസൃതമായി പ്രവർത്തിക്കുന്ന ചെക്പോസ്റ്റുകളെ ഹരിത ചെക്പോസ്റ്റുകളായി നാമകരണം ചെയ്യും. കടകളിലും വ്യാപാര സ്ഥാപനങ്ങളിലും നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഇല്ലെന്ന് ഉറപ്പാക്കാനാവശ്യമായ പരിശോധന കർശനമാക്കും.

14. സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് കർശന നടപടി കൈക്കൊള്ളും.

15. നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ മൊത്തക്കച്ചവടക്കാർ, സ്റ്റോക്കിസ്റ്റുകൾ എന്നിവർക്കെതിരെ കർശന നടപടി കൈക്കൊള്ളും.

16. പ്ലാസ്റ്റിക് പദാർത്ഥങ്ങളുടെ ഉപഭോഗം പരമാവധി കുറക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കും.

17. ക്യാമ്പയിനിന്റെ ഭാഗമായി ആവശ്യമായ ഇടങ്ങളിൽ നിർമ്മിത ബുദ്ധി അധിഷ്ഠിതമായ ക്യാമറകൾ സ്ഥാപിക്കും.

18. നിശ്ചിത തുകയ്ക്ക് മുകളിലുള്ള റോഡ് നിർമ്മാണ പ്രവൃത്തികളിൽ ബിറ്റുമിൻ തിരസ്കൃത മാലിന്യവുമായി പ്രോസസ് ചെയ്ത് ഉപയോഗിക്കും.

19. സർ ക്കാർ - പൊതുമേഖല സ്ഥാപനങ്ങളിൽ ദ്രവ മാലിന്യ പരിപാലനത്തിനുള്ള സീവേജ് ട്രറ്റ്മെന്റ് പ്ലാന്റ് / ഭൂഗർഭ സീവേജ് ടീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് അനുമതിയും വകുപ്പുകളുടെ സഹകരണവും ഉറപ്പാക്കും.

20. സർക്കാർ, അർധസർക്കാർ, പൊതുമേഖല ഫാമുകളിൽ ദ്രവ മാലിന്യ പരിപാലന സംവിധാനമൊരുക്കി വെള്ളവും കമ്പോസ്റ്റും കൃഷിക്കായി പ്രയോജനപ്പെടുത്തും.

21. പരിസ്ഥിതി സൗഹൃദ പാക്കിംഗ് പ്രോത്സാഹിപ്പിക്കൽ, സ്വകാര്യ സംരംഭകരുടെ സഹായത്തോടെ എല്ലാ ബ്ലോക്കിലും ഗ്രീൻ സ്റ്റോർ സ്ഥാപിക്കൽ, പ്ലാസ്റ്റിക് ഉൽപാദകർക്കും റീസൈക്ലേഴ്സിനും എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി നിർബന്ധമാക്കൽ, ഓരോ വകുപ്പും അവരവരുടെ പ്രവർത്തന മേഖലയിൽ ഉറപ്പുവരുത്തേണ്ട ഘടകങ്ങൾ നിർണയിച്ച് ഉറപ്പാക്കൽ എന്നിവ ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ഭാഗമാക്കും.

2 2 . പുനരുപയോഗം സാധ്യമല്ലാത്ത പാഴ്വസ്തുക്കളുടെ അളവ് ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരും.

23. യൂത്ത് മീറ്റ്സ് കർമ്മസേന, സെപ്റ്റംബർ 1 - 8 വീട്ടുമുറ്റ സദസ്സ് എന്നിവ സംഘടിപ്പിച്ച് മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിന്റെ പ്രചാരണം ഊർജിതമാക്കും.

24. 2024 നവംബർ 14ന് ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടിക്കൊപ്പം കുട്ടികളുടെ ഹരിത സഭയും ചേരും.

25. 2024 ഡിസംബറിൽ മാലിന്യ സംസ്കരണ രംഗത്ത് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ അവതരിപ്പിക്കാവുന്ന മെഗാ ഇവന്റ് സംഘടിപ്പിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന പ്രത്യേക ഗ്രാമസഭയിലെ അവതരണങ്ങൾ കൂട്ടിച്ചേർത്ത് തയ്യാറാക്കുന്ന പ്രബന്ധങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതല സെമിനാറിലും പ്രബന്ധങ്ങൾ ക്രോഡീകരിച്ച് ബ്ലോക്ക് തലത്തിലും ബ്ലോക്ക്തല സെമിനാറിൽ അവതരിപ്പിക്കുന്നവ ക്രോഡീകരിച്ച് ജില്ലാ തലത്തിലും ജില്ലാതല അവതരണങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനതല മെഗാ ഇവന്റിലും അവതരിപ്പിക്കും.

26. പുതുതായി തയ്യാറാക്കിയ 3, 5, 7, 9 ക്ലാസുകളിലെ പരിസ്ഥിതി പഠനം, അടിസ്ഥാന ശാസ്ത്രം, ജീവശാസ്ത്രം, ഹിന്ദി എന്നീ പാഠപുസ്തകങ്ങളിൽ മാലിന്യ സംസ്കരണവും ശുചിത്വബോധവും പ്രതിപാദിക്കുന്നുണ്ട്. ഈ ക്ലാസുകളിലുൾപ്പെടെ 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന ആശയത്തിലൂന്നി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇതിനായി നവകേരളം കർമ്മ പദ്ധതി തയ്യാറാക്കിയ ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കാൻ എസ്.സി. ഇ.ആർ. ടിയെ ചുമതലപ്പെടുത്തി.

2 7 . ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി നടത്തുന്ന നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) റാങ്കിങ്ങിൽ മാലിന്യ സംസ്കരണം പ്രധാന ഘടകമാണ്. എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഹരിത ക്യാമ്പസുകളായി മാറ്റണം.

2 8 . മാലിന്യ സംസ്കരണമേഖലയിൽ പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നതിന് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളിലും ഇന്റേൺഷിപ്പ് സംവിധാനം ഒരുക്കണം.

2 9 , ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് നൂതനാശയ പ്രവർത്തനങ്ങൾ സംഭാവന ചെയ്യാൻ സഹായകമാകുന്ന ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കും. ക്യാമ്പസുകളിലെ

ഇൻക്യൂബേറ്ററുകൾ ഇതിനായി പ്രയോജനപ്പെടുത്തും.

30. വിനോദ സഞ്ചാര കേന്ദ്രങ്ങൾ സമ്പൂർണ മാലിന്യമുക്ത കേന്ദ്രങ്ങളായി മാറ്റും. ശുചിത്വ മിഷൻ തയ്യാറാക്കിയ മാലിന സംസ്കരണ പ്രോട്ടോകോൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കും.

31. കെ.എസ്.ആർടി.സി ബസ് സ്റ്റേഷനുകൾ മാലിന്യമുക്തമാക്കി ഹരിതസ്റ്റേഷനുകളാക്കി മാറ്റണം.

3 2 . കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, ഗാരേജ്, വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സൗകര്യം ഒരുക്കണം. ഗാരേജിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വേസ്റ്റ് ഓയിൽ സംഭരിച്ച് 2016ലെ ഹസാർഡസ് മാലിന്യ സംസ്കരണ ചട്ടങ്ങളനുസരിച്ച് രജിസ്റ്റർ ചെയ്ത റീസൈക്ലിംഗ് ഏജൻസികൾ വഴി സംസ്കരിക്കണം.

33. വ്യാപാരസ്ഥാപനങ്ങളിൽ വന്നുപോകുന്ന പൊതുജനങ്ങൾക്ക് മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കുകയും പരിപാലനം ഉറപ്പാക്കുകയും ചെയ്യണം.

34. മത - സാമുദായിക - രാഷ്ട്രീയ സംഘടനകളുടേതുൾപ്പെടെ എല്ലാ പൊതുപരിപാടികളും ഹരിത നിയമാവലി പൂർണ്ണമായും പാലിച്ച് നടത്തണം.

35. അയൽക്കൂട്ടങ്ങൾ

- 2024 നവംബർ 1 : 10 ശതമാനം അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കും.
- 2024 ഡിസംബർ 31 : 25ശതമാനം അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കും.
- 2025 ജനുവരി 26 : 50ശതമാനം അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കും.
- 2025 മാർ ച്ച് 8 : 100 ശതമാനം അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കും.

36. ടൂറിസം കേന്ദ്രങ്ങൾ

- 2024 നവംബർ 1 : 10 ശതമാനം ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കും.
- 2024 ഡിസംബർ 31 : 25 ശതമാനം ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കും.
- 2025 ജനുവരി 26 : 50 ശതമാനം ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കും.
- 2025 മാർ ച്ച് 30 : 100 ശതമാനം ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കും.

37. ഓഫീസുകൾ

- 2024 നവംബർ 1 : 50 ശതമാനം ഓഫീസുകളെ ഹരിത ഓഫീസുകളായി പ്രഖ്യാപിക്കും.
- 2025 ജനുവരി 26 : 100 ശതമാനം ഓഫീസുകളെ ഹരിത ഓഫീസുകളായി പ്രഖ്യാപിക്കും.

38. ടൗണുകൾ

- 2024 നവംബർ 1 : എല്ലാ തദ്ദേശ സ്വയംഭരണ-തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സ്ഥാപനങ്ങളിലും ഒരു ടൗണെങ്കിലും സമ്പൂർണ ശുചിത്വവും ഭംഗിയുള്ളതുമായ ടൗണായി പ്രഖ്യാപിക്കും.
- 2024 ഡിസംബർ 31 : എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 50 ശതമാനം ടൗണുകൾ സമ്പൂർണ ശുചിത്വവും ഭംഗിയുള്ളതുമായ ടൗണായി പ്രഖ്യാപിക്കും.
- 2025 ജനുവരി 26 : എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 100% ടൗണുകൾ സമ്പൂർണ ശുചിത്വവും ഭംഗിയുള്ളതുമായ ടൗണായി പ്രഖ്യാപിക്കും.

39 പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ എന്നിവ

- 2024 നവംബർ 1 : എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പൊതുസ്ഥലമെങ്കിലും സമ്പൂർണ ശുചിത്വവും ഭംഗിയുള്ളതുമായ സ്ഥലമായി പ്രഖ്യാപിക്കും.
- 2024 ഡിസംബർ 31 : എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 100% പൊതുസ്ഥലങ്ങളും മാർക്കറ്റുകളും സമ്പൂർണ ശുചിത്വവും ഭംഗിയുള്ളതുമായ സ്ഥലമായി പ്രഖ്യാപിക്കും.

40. സ്കൂളുകൾ

- 2024 നവംബർ 1 : 50% സ്കൂളുകളെ സമ്പൂർണ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കും.
- 2024 ഡിസംബർ 31 : 100% സ്കൂളുകളെ സമ്പൂർണ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കും.

41. നീർച്ചാലുകൾ

- 2024 ഡിസംബർ : 'ഇനി ഞാനൊഴുകട്ടെ' മൂന്നാംഘട്ടം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും.

- 2025 മാർച്ച് : മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മുഴുവൻ നീർച്ചാലുകളും ശുചീകരിച്ച് വീണ്ടെടുക്കും.ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നീർച്ചാൽ മാപ്പിംഗ് പൂർത്തിയാക്കിയിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ ഈ മാപ്പുകൾ കൂടി പ്രയോജനപ്പെടുത്തി നീർച്ചാൽ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ നടത്തും.

42. വിവിധ പ്രവർത്തനങ്ങളിലൂടെ ആർജിച്ച നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ 2025 മാർച്ച് 30ന് സമ്പൂർണ ശുചിത്വ കേരള പ്രഖ്യാപനം നടത്താനാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. ഇതിനു മുന്നോടിയായി സമ്പൂർണ ഹരിത അയൽക്കൂട്ടം, സമ്പൂർണ ഹരിത ടൂറിസ കേന്ദ്രം, സമ്പൂർണ ശുചിത്വ ഗ്രാമം/നഗരം, സമ്പൂർണ ഹരിത ഓഫീസ്, സമ്പൂർണ ഹരിത വിദ്യാലയം/കലാലയം തുടങ്ങി വിവിധ മേഖലകളിലെ പ്രഖ്യാപനങ്ങൾ നടത്തും

43. മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി വിപുലമായ പ്രചാരണ, ബോധവൽക്കരണ പ്രർത്തനങ്ങൾ സംഘടിപ്പിക്കണം. സംസ്ഥാനാടിസ്ഥാനത്തിൽ പൊതുവായി നോട്ടീസ്, ബാനർ, പോസ്റ്റർ, ബ്രോഷർ, ഓഡിയോ സന്ദേശങ്ങൾ, ദൃശ്യ-ശ്രാവ്യ സന്ദേശങ്ങൾ മുതലായവ തയ്യാറാക്കി വിതരണം ചെയ്യും.

44. സംസ്ഥാനാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രചാരണോപാധികൾക്ക് പുറമേ അതത് പ്രദേശത്തെ മാലിന്യ സംസ്കരണ മാതൃകകളും സവിശേഷതകളും ഇണക്കിച്ചേർത്തുള്ള പ്രചാരണോപാധികൾ വികസിപ്പിക്കണം.

45. മുഖ്യധാരാ മാധ്യമങ്ങൾ, സമാന്തര മാധ്യമങ്ങൾ, പ്രാദേശിക കേബിൾ ടിവി ചാനലുകൾ, എഫ്.എം റേഡിയോകൾ, കമ്മ്യൂണിറ്റി റേഡിയോകൾ, ഓൺലൈൻ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഫലപ്രദമായി പ്രയോജനപ്പെടുത്തണം

46. പ്രചരണോപാധികൾ വികസിപ്പിക്കുന്നതിലും വിതരണം ചെയ്യുന്നതിലും പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് മുതലായ ഏജൻസികളുടെ ഏകോപിത പ്രവർത്തനങ്ങൾ ഉറപ്പാക്കണം.

47. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യം യഥാസമയം നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ ക്രമീകരണം തദ്ദേശ സ്വയം ഭരണ വകുപ്പ് ചെയ്യേണ്ടതാണ്.

48. തീരുമാനം 8 ന്റെ അടിസ്ഥാനത്തിൽ ക്യാമ്പയിൻ സംബന്ധിച്ചുള്ള മാർഗ്ഗരേഖ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
ചീഫ് സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടിവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്റ്റ് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടിവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((A&E)) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Manish V V
Date: 06-09-2024 10:34:06

സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഒഎസ്ഡി- ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. ക്ക്